2026
JUNE
02
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി 8.46 ബില്യൺ യുഎസ് ഡോളറിലെത്തി

* ശീതീകരിച്ച ചെമ്മീൻ പ്രധാന കയറ്റുമതി ഇനം
* അമേരിക്കയും ചൈനയുമാണ് ഏറ്റവും കൂടുതൽ ഇറക്കുമതിക്കാർ



**കൊച്ചി:** 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 73,890.46 കോടി (8.46 ബില്യൺ) വിലമതിക്കുന്ന 19,72,018 മെട്രിക് ടൺ (MT) സമുദ്രോത്പന്നങ്ങൾ കയറ്റുമതി ചെയ്തു, ആഗോള പ്രതിസന്ധികൾക്കിടയിലും അളവിലും മൂല്യത്തിലും ഇത് എക്കാലത്തെയും ഉയർന്ന നിരക്കാണെന്ന് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) ചെയർമാൻ പി ജവഹർ, ഐഎഎസ് പറഞ്ഞു. അളവിലും മൂല്യത്തിലും ഏറ്റവും കൂടുതൽ കയറ്റുമതി ഇനമായിരുന്നു ശീതീകരിച്ച ചെമ്മീൻ. അതേ സമയം ഇന്ത്യൻ സമുദ്രോത്പന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാർ അമേരിക്കയും ചൈനയുമാണ്.

സമുദ്രോത്പന്ന കയറ്റുമതിയിൽ ശീതീകരിച്ച ചെമ്മീൻ ഒന്നാം സ്ഥാനത്ത് തുടരുന്നു, ഇത് 49,037.93 കോടി ( 5,624.48 മില്യൺ) വരുമാനം നേടി. സമുദ്രോത്പന്ന കയറ്റുമതിയിൽ നിന്നുള്ള മൊത്തം അളവിന്റെ 40.19% ഉം മൊത്തം യുഎസ് ഡോളർ വരുമാനത്തിന്റെ 66.52% ഉം ഇത് വഹിക്കുന്നു. ഈ കാലയളവിൽ, ചെമ്മീൻ കയറ്റുമതി 13.16% വർദ്ധിച്ചു.

2025-26 കാലയളവിൽ, ശീതീകരിച്ച ചെമ്മീനിന്റെ ആകെ കയറ്റുമതി 7,92,647 മെട്രിക് ടൺ ആയിരുന്നു. അമേരിക്ക 2,56,128 മെട്രിക് ടൺ ശീതീകരിച്ച ചെമ്മീൻ ഇറക്കുമതി ചെയ്തു. തൊട്ടുപിന്നാലെ ചൈന 1,69,505 മെട്രിക് ടൺ, യൂറോപ്യൻ യൂണിയൻ 1,35,599 മെട്രിക് ടൺ, തെക്കുകിഴക്കൻ ഏഷ്യ 83,810 മെട്രിക് ടൺ, ജപ്പാൻ 40,776 മെട്രിക് ടൺ, മിഡിൽ ഈസ്റ്റ് 30,478 മെട്രിക് ടൺ, മറ്റ് എല്ലാ രാജ്യങ്ങളും ചേർന്ന് 76,351 മെട്രിക് ടൺ എന്നിങ്ങനെയാണ് ഇറക്കുമതി ചെയ്തത്. എൽ. വനാമി, ബ്ലാക്ക് ടൈഗർ ചെമ്മീൻ എന്നിവയുടെ കയറ്റുമതി അളവിലും മൂല്യത്തിലും വർദ്ധനവ് കാണിക്കുന്നു.

കയറ്റുമതിയിൽ രണ്ടാം സ്ഥാനത്തുള്ള ശീതീകരിച്ച മത്സ്യം 5,658.37 കോടി രൂപ (643.70 മില്യൺ) വരുമാനം നേടി. മൂന്നാമത്തെ വലിയ കയറ്റുമതി ഗ്രൂപ്പായ ഉണക്കിയ മത്സ്യം 5,079.09 കോടി രൂപ (577.44 മില്യൺ) വരുമാനം നേടി, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 78.05% പോസിറ്റീവ് കയറ്റുമതി പ്രവണത കാണിച്ചു.

ശീതീകരിച്ച കൂന്തൾ കയറ്റുമതി 1,02,060 മെട്രിക് ടണ്ണിലെത്തി, ഇത് 4,493.80 കോടി (513.84 മില്യൺ) നേടി. അതേസമയം, ശീതീകരിച്ച കണവയുടെ അളവിലും മൂല്യത്തിലും വളർച്ചയുണ്ടായി, അളവിൽ 13.32% ഉം മൂല്യത്തിൽ 16.25% ഉം വർദ്ധിച്ചു, മൊത്തം കയറ്റുമതി 331.96 മില്യൺ ഡോളർ വിലമതിക്കുന്ന 67,157 മെട്രിക് ടണ്ണായി.

ഐസിൽ ഇട്ട മത്സ്യ ഇനങ്ങളുടെ കയറ്റുമതിയിൽ നിന്ന് 622.31 കോടി (71.27 മില്യൺ) വരുമാനം ലഭിച്ചു. ജീവനുള്ള ഇനങ്ങളുടെ കയറ്റുമതിയിൽ മൂല്യത്തിൽ 11.46% വളർച്ച (62.43 മില്യൺ) കൈവരിച്ചു. വിദേശ വിപണികളുടെ കാര്യത്തിൽ, ഇന്ത്യൻ സമുദ്രോത്പന്ന ഇറക്കുമതിയിൽ അമേരിക്ക ഒന്നാം സ്ഥാനത്ത് തുടരുന്നു, 20263.27 കോടി (2,328.74 മില്യൺ) മൂല്യം വരുന്ന ഇറക്കുമതിയും മൊത്തം അളവ് 279,193 മെട്രിക് ടണ്ണും. യുഎസിലേക്കുള്ള കയറ്റുമതി രൂപ മൂല്യത്തിൽ 10.82%, ഡോളർ മൂല്യത്തിൽ 14.22%, അളവിൽ 19.51% എന്നിങ്ങനെ കുറവു രേഖപ്പെടുത്തി. ഇന്ത്യയിൽ നിന്നുള്ള യുഎസ്എയുടെ സമുദ്രോത്പന്ന ഇറക്കുമതി ബാസ്കറ്റിൽ, ശീതീകരിച്ച ചെമ്മീനാണ് ഡോളറിന്റെ മൂല്യത്തിൽ 93.55% സിംഹഭാഗവും.

ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിയുടെ അളവിന്റെ കാര്യത്തിൽ ചൈന ഏറ്റവും വലിയ രാജ്യമായി മാറി, 1,611.32 മില്യൺ ഡോളർ വിലമതിക്കുന്ന 4,90,369 മെട്രിക് ടൺ ഇറക്കുമതി ചെയ്തു. 1,592.09 മില്യൺ ഡോളർ വിലമതിക്കുന്ന 2,97,518 മെട്രിക് ടൺ ഇറക്കുമതിയുമായി യൂറോപ്യൻ യൂണിയൻ മൂന്നാം സ്ഥാനത്താണ്. 1,348.97 മില്യൺ ഡോളർ വിലമതിക്കുന്ന 4,51,756 മെട്രിക് ടൺ ഇറക്കുമതിയുമായി തെക്കുകിഴക്കൻ ഏഷ്യ തൊട്ടുപിന്നിൽ. 452.91 മില്യൺ ഡോളർ വിലമതിക്കുന്ന 1,05,228 മെട്രിക് ടൺ ഇറക്കുമതിയുമായി ജപ്പാൻ അഞ്ചാം സ്ഥാനത്താണ്. 283 മില്യൺ ഡോളർ വിലമതിക്കുന്ന 76,743 മെട്രിക് ടൺ ഇറക്കുമതിയുമായി മിഡിൽ ഈസ്റ്റ് ആറാം സ്ഥാനത്താണ്.

സമുദ്രോത്പന്ന ചരക്ക് കൈകാര്യം ചെയ്യുന്ന മുൻനിര തുറമുഖങ്ങൾ വിശാഖപട്ടണം, ജെഎൻപിടി, കൊച്ചി എന്നിവയായിരുന്നു.

## സാമ്പത്തിക സാക്ഷരതയിൽ കുതിച്ച് സംസ്ഥാനം;

### ഓഹരി വിപണിയിൽ കേരളീയരുടെ സജീവ പങ്കാളിത്തമെന്ന്

**കൊച്ചി:** സ്വർണത്തിലും റിയൽ എസ്റ്റേറ്റിലും നിക്ഷേപം നടത്തിയിരുന്ന മലയാളിയുടെ സമ്പാദ്യശീലങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചതായി റിപ്പോർട്ട്. ഇക്വിറ്റി, മ്യൂച്വൽ ഫണ്ട് തുടങ്ങിയ ഓഹരികളിൽ നിക്ഷേപിക്കുന്ന കേരളീയരുടെ എണ്ണം വർധിക്കുന്നതായാണ് റിപ്പോർട്ടിൽ പറയുന്നത്.

നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ) പുറത്തുവിട്ട കണക്കുകൾപ്രകാരം, രാജ്യത്താകെ 13 കോടി ആളുകളാണ് ഓഹരി നിക്ഷേപകരായിട്ടുള്ളത്. 14 ശതമാനമാണ് നിക്ഷേപക മേഖലയിലെ വാർഷിക വളർച്ച. കേരളീയരുടെ ഉയർന്ന സാക്ഷരതയും ആഗോള ഇടപെടലുകളുമാണ് നിക്ഷേപക മേഖലയിലെ സാന്നിധ്യം വർധിക്കാൻ കാരണം. സംസ്ഥാനത്ത് നഗര- ഗ്രാമ വ്യത്യാസമില്ലാതെ ആളുകൾ ഓഹരി നിക്ഷേപം നടത്തുന്നതായും മൂലധന വിപണിയിൽ സ്ത്രീ നിക്ഷേപകരുടെ അനുപാതം ക്രമാതീതമായി വർധിക്കുന്നതായും റിപ്പോർട്ടിൽ പറയുന്നു. രാജ്യത്തെ 99.85 ശതമാനം പിൻകോഡുകളിലും നിക്ഷേപകരുണ്ടെന്നാണ് എൻഎസ്ഇ വ്യക്തമാക്കുന്നത്. മൂലധന വിപണിയുടെ സഹായത്തോടെ വിജ്ഞാനാധിഷ്ഠിത സമ്പദ്വ്യവസ്ഥ വളർത്തിയെടുക്കുന്ന കേരളത്തിന്റെ മുന്നേറ്റം രാജ്യത്തിനു മാതൃകയാണെന്നും റിപ്പോർട്ടിൽ പറയുന്നു.

## ഭൂതത്താൻകെട്ട് ബാരേജിന്റെ ഷട്ടറുകൾ ഇന്ന് മുതൽ ഘട്ടം ഘട്ടമായി ഉയർത്തും

**കൊച്ചി:** പെരിയാർ വാലി ഇറിഗേഷൻ പ്രൊജക്റ്റിന്റെ (പി വി ഐ പി) കീഴിലുള്ള ഭൂതത്താൻകെട്ട് ബാരേജിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ഇന്ന് മുതൽ ബാരേജിന്റെ ഷട്ടറുകൾ ഘട്ടം ഘട്ടമായി ഉയർത്തും. നിലവിൽ ബാരേജിലെ ജലനിരപ്പ് 34.10 മീറ്ററാണ്.

കാലവർഷം ശക്തിപ്രാപിക്കുമെന്ന മുന്നറിയിപ്പുള്ളതിനാലും, പെരിയാറ്റിൽ നീരൊഴുക്ക് കൂടാൻ സാധ്യതയുള്ളതിനാലും ബാരേജിലെ ജലനിരപ്പ് 30 മീറ്ററിന് താഴെയായി ക്രമീകരിക്കുന്നതിനാണ് ഷട്ടറുകൾ ഉയർത്തി വെള്ളം പെരിയാറിലേക്ക് ഒഴുക്കിവിടുന്നത്.

കാലവർഷത്തിന്റെ ശക്തിക്കനുസരിച്ച് ബാരേജിന്റെ മുഴുവൻ ഷട്ടറുകളും വരും ദിവസങ്ങളിൽ ഉയർത്തിയേക്കാം.പെരിയാറിന്റെ തീരത്തുള്ളവർ ജാഗ്രത പാലിക്കേണ്ടതാണെന്ന് പി.വി.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.




## കേന്ദ്രസർക്കാർ വ്യാപാരികളെ പരിഹസിക്കുന്നു: കെ.വി.വി.ഇ.എസ്. യൂത്ത് വിംഗ്

**കൊച്ചി:** വാണിജ്യ പാചകവാതക സിലിണ്ടറിന് അടിക്കടി വില വർദ്ധിപ്പിക്കുന്നതിലൂടെ ചെറുകിട ഇടത്തരം വ്യാപാരികളെ കേന്ദ്ര സർക്കാർ പരിഹസിക്കുകയാണെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ് ആരോപിച്ചു.

സ്വയം തൊഴിൽ ചെയ്ത് ഉപജീവന മാർഗം കണ്ടെത്തുന്ന വലിയൊരുവിഭാഗം കേരളത്തിലുണ്ട്. വാണിജ്യ പാചക വാതകത്തിന് വില സ്ഥിരതയില്ലാതെ വരുന്നതോടെ ഇടത്തരം ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും പിടിച്ചുനിൽക്കാനാവില്ല. രാജ്യം അഭിമുഖീകരിക്കുന്ന ഊർജ്ജ പ്രതിസന്ധിയെക്കുറിച്ച് വ്യാപാരി സമൂഹത്തിന് ധാരണയുണ്ട്. നൂറ് ശതമാനവും ഇറക്കുമതി ചെയ്യപ്പെടുന്ന വാതകത്തിന്റെ വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

ഒരിക്കൽ കൂട്ടുന്ന വില അടുത്ത ആറ് മാസത്തേയ്ക്കെങ്കിലും മാറ്റമില്ലാതെ തുടർന്നാൽ മാത്രമേ ചെറുകിട ഇടത്തരം വ്യാപാരികളുടെ ദൈനം ദിന പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ സാധിക്കൂ. അർദ്ധരാത്രിയിൽ അടിക്കടി വില വർദ്ധിപ്പിക്കുന്നത് സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള സ്വയം സംരംഭകരെ പരിഹസിക്കുന്നതിന് തുല്യമാണെന്നും പ്രദീപ് ജോസ് പറഞ്ഞു. കേന്ദ്രസർക്കാർ ഇത്തരത്തിലുള്ള നിരുത്തരവാദിത്വ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## ഇന്നത്തെ പരിപാടി

### കൊച്ചി

■ **പാലാരിവട്ടം പിഒസി :** കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാലസമ്മേളനം രാവിലെ 10ന് സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെയും കെസിബിസിയുടെയും സംയുക്തയോഗം കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്യും.

■ **ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് :** ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകത്തിന് വിനയ ചൈതന്യ എഴുതിയ വ്യാഖ്യാനം ' ആത്മോപദാശക ശതകംഒരാമുഖം ശതകം' വൈകിട്ട് 6.30ന് പ്രകാശിപ്പിക്കും. പുസ്തക പ്രകാശനം.

■ **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ആഴ്ചവട്ടം ക്വിസ് വൈകിട്ട് 5.30ന്.

# ചക്കരപറമ്പ് ഡിവിഷനിൽ കുടിവെള്ള വിതരണം മുടങ്ങിയത് അന്വേഷിക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** ചക്കരപ്പറമ്പ് ഡിവിഷനിലെ വെണ്ണല , മാടപാട്ട് റോഡ്, മൈത്രി റോഡ്, കുറ്റിക്കാട് ലെയിൻ, എ കെ. ജി വായനശാല റോഡ്, സൗഹാർദ നഗർ, ഹരിത റോഡ്, ശാന്തി നഗർ, കണിയാവേലി റോഡ് എന്നിവിടങ്ങളിൽ ശുദ്ധജല വിതരണം മുടങ്ങിയെന്ന പരാതി അടിയന്തരമായി പരിഹരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്.

വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറെ അന്വേഷണത്തിന് ചുമതലപ്പെടുത്തണം. നഗരസഭ കൗൺസിലറെ കേൾക്കണം. കുടിവെള്ള വിതരണം മുടങ്ങാനുള്ള കാരണങ്ങൾ കണ്ടെത്തണം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം.

ജൂലൈ 14 ന് പത്തടിപ്പാലം പി ഡബ്ള്യു ഡി റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ വാട്ടർ അതോറിറ്റി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് ഹാജരായി വസ്തുതകൾ കമ്മീഷനെ ധരിപ്പിക്കണമെന്ന് ഉത്തരവിൽ പറഞ്ഞു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

# അദൃശ്യ ഭിന്നശേഷി രോഗബാധിതർക്ക് കരുതലായി 'എം.എസ് ഹാർമണി' കൂട്ടായ്മ ആരംഭിച്ചു

**കൊച്ചി:** മൾട്ടിപ്പിൾ സ്ക്ലീറോസിസ് (എം. എസ്.), എൻ.എം.ഒ., മൊഗാഡ്, മയസ്തീനിയ ഗ്രാവിസ് (എം.ജി.) തുടങ്ങിയ പുറമേയ്ക്ക് പ്രകടമാകാത്ത അദൃശ്യ ഭിന്നശേഷി രോഗബാധിതരുടെയും അവരുടെ പരിചാരകരുടെയും കൂട്ടായ്മയായ 'എം. എസ് ഹാർമണി'യുടെ സംസ്ഥാനതല ഔദ്യോഗിക ഉദ്ഘാടനം കൊച്ചി ഐ.എം.എ ഹൗസിൽ നടന്നു. ലോക മൾട്ടിപ്പിൾ സ്ക്ലീറോസിസ് ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ എറണാകുളം എം.പി ഹൈബി ഈഡൻ ഉദ്ഘാടനവും എം.എസ് ഹാർമണി ലോഗോ പ്രകാശനവും നിർവ്വഹിച്ചു.

എം.എസ് രോഗബാധിതർ നേരിടുന്ന കടുത്ത വെല്ലുവിളികളെക്കുറിച്ച് കൃത്യമായി പഠിച്ച് വരും ദിവസങ്ങളിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ ശ്രദ്ധയിലേക്ക് വിഷയം എത്തിക്കുമെന്നും ഹൈബി ഈഡൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

അർഹരായ രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഉൾപ്പെടെയുള്ള ആരോഗ്യ പദ്ധതികൾ വഴി ശരിയായ ചികിത്സ ഉറപ്പാക്കാൻ അടിയന്തിര ഇടപെടലുകൾ ഉണ്ടാകണമെന്ന് ചടങ്ങിൽ ആവശ്യമുയർന്നു. ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് കൃത്യമായ ഡാറ്റ ലഭ്യമാ




കണമെന്നും അതിന് എല്ലാ രോഗികളും കെ.എസ്.എസ്.എം. പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യവും പരിപാടിയിൽ ഉയർന്നു. കോവിഡ് കാലത്ത് നടപ്പിലാക്കിയതുപോലെ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ വഴിയാക്കി കൂടുതൽ ലളിതമാക്കണമെന്ന് ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ സെക്രട്ടറിയും എം.എസ് ഹാർമണിയുടെ രക്ഷാധികാരിയുമായ ഡോ. ജോസഫ് സണ്ണി മുഖ്യപ്രഭാഷണത്തിൽ ആവശ്യപ്പെട്ടു.

ചികിത്സാസഹായം മാത്രമല്ല, കൃത്യമായ നയരൂപീകരണത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ 'അദൃശ്യ ഭിന്നശേഷി സൗഹൃദ സംസ്ഥാന'മാക്കി മാറ്റുകയാണ് എം.എസ് ഹാർമണിയുടെ ലക്ഷ്യമെന്ന് എം.എസ് ഹാർമണി പ്രസിഡന്റ് ദിപു ടി. തോമസ് വ്യക്തമാക്കി. ഫിറ്റ്നസ് വിദഗ്ദ്ധൻ രാജീവ് അമ്പാട്ടിന്റെ നേതൃത്വത്തിൽ രോഗികൾക്കായി പ്രത്യേക വാം-അപ്പ് ആക്റ്റിവിറ്റികളും, മാനസിക ആരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോ. വിവേകിന്റെ ക്ലാസും നടന്നു.

പ്രമുഖ ന്യൂറോളജിസ്റ്റുകളായ ഡോ. എ. എ. ഹരീഷ്, ഡോ. നീതു സുരേഷ്, ഡോ. സുരേഷ്കുമാർ ആർ, ഡോ. ശ്രുതി എസ്. നായർ, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് ഭാരവാഹികളായ ഡോ. ബി. രഘുനാഥ്, ഡോ. വി.ടി ഹരിദാസ്, കൊച്ചിൻ ന്യൂറോളജി സൊസൈറ്റി സെക്രട്ടറി ഡോ. ചന്തു പി, ഡോ. മാത്യു എബ്രഹാം എം.എസ് ഹാർമണി സെക്രട്ടറി രോഹൻ ജോസഫ് മാത്യു എന്നിവരും ചടങ്ങിൽ സംസാരിച്ചു.

## അലൈഡ് ഹെൽത്ത് കെയർ മേഖലയിൽ മിനിമം വേതനം നടപ്പാക്കണം; യുഎഎച്ച്പിഎ സംസ്ഥാന സമ്മേളനം

**കൊച്ചി:** അലൈഡ് ഹെൽത്ത് പ്രൊഫഷണലുകൾക്ക് മിനിമം വേതനം നടപ്പാക്കണമെന്നും, ട്രെയിനികളെന്ന പേരിൽ മാസങ്ങളോളം ശമ്പളം നൽകാതെ ജോലി ചെയ്യിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും യുണൈറ്റഡ് അലൈഡ് ഹെൽത്ത് കെയർ പ്രൊഫഷണൽസ് അസോസിയേഷൻ (യു.എ.എച്ച്.പി.എ) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. കേന്ദ്രസംസ്ഥാന സർക്കാരുകളുടേയോ, യൂണിവേഴ്സിറ്റികളുടേയോ അംഗീകാരമില്ലാത്ത അലൈഡ് ഹെൽത്ത് മേഖലയുമായി ബന്ധപ്പെട്ട് നടത്തി വരുന്ന എല്ലാ കോഴ്സുകളും വിദ്യഭ്യാസ വകുപ്പ് ഇടപെട്ട് ഉടൻ നിർത്തലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു. നാഷണൽ കൗൺസിൽ രൂപീകരണം വൈകുന്നതിലെ ആശങ്കകൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിക്കും, ആരോഗ്യ വകുപ്പ് മന്ത്രിക്കും നിവേദനം നൽകും. ജനറൽ സെക്രട്ടറി കെ.ഫായിസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിന്റെ ഉദ്ഘാടനവും സംഘടനയുടെ ഔദ്യോഗിക പ്രഖ്യാപനവും സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സിദ്ദിഖ് നിർവ്വഹിച്ചു. യോഗത്തിൽ ട്രഷറർ പി.എ.ജസ്റ്റിൻ, വൈസ് പ്രസിഡന്റ് എം.ജെ.അഭിലാഷ്, ജോയിന്റ് സെക്രട്ടറിമാരായ കെ.എച്ച്.അജ്മൽ, എസ്.സുബിൻ, സംസ്ഥാന കമ്മിറ്റി കോർഡിനേറ്റർമാരായ കെ.ലിന്റ് വിൽസൺ, അമൃത മഹേന്ദ്രൻ, ബി.ദേവി പ്രിയ, ആര്യ അരവിന്ദ്,



*യുണൈറ്റഡ് അലൈഡ് ഹെൽത്ത് കെയർ പ്രൊഫഷണൽസ് അസോസിയേഷൻ(യു.എ.എച്ച്.പി.എ) സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സിദ്ദിഖ്, സംസ്ഥാന ജനറൽ സെക്രട്ടറി കെ.ഫായിസ് എന്നിവർ.*

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ മുഹമ്മദ് റിസൽ, ആൽവിൻ ജെയ്സൺ, എം.എം.മിഥുൻ, പി.കെ.റമീസ് തുടങ്ങിയവർ പ്രസംഗിച്ചു.

## അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ജിയോളജി വിഭാഗത്തിൽ 2026-27 അധ്യയന വർഷം അതിഥി അധ്യാപക ഒഴിവുണ്ട്. യോഗ്യത : ജിയോളജിയിൽ ബിരുദാനന്തര ബിരുദം. പി എച്ച് ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തിപരിചയം അഭിലഷണീയം.

നിശ്ചിത യോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി (ഒരു സെറ്റ് കോപ്പികളും സഹിതം) ജൂൺ എട്ടിന് രാവിലെ 10 ന് നേരിട്ട് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.maharajas.ac.in. സന്ദർശിക്കുക .

## ഇ–ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിലെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മരാമത്ത് പ്രവർത്തികൾക്ക്, അംഗീകൃത കരാറുകാരിൽ നിന്നും ഇ-ടെൻഡർ ക്ഷണിച്ചു.

ഇ-ടെൻഡർ ചെയ്യുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചോറ്റാനിക്കര എൽ ഐ ഡി ആർ ഇ ഡബ്ല്യു സെക്ഷൻ ചോറ്റാനിക്കര അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും , www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും.

# അടിസ്ഥാന സൗകര്യ വികസനത്തിൽ വിവേചനമില്ലാത്ത സമീപനം വേണം : മന്ത്രി അനൂപ് ജേക്കബ്

## *വർണാഭമായ ചടങ്ങിൽ ജില്ലാതല പ്രവേശനോത്സവം



*ജില്ലാതല സ്കൂൾ പ്രവേശനോത്സവം പേഴയ്ക്കാപ്പിള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. മാത്യു കുഴൽനാടൻ എംഎൽഎ സമീപം*

**കൊച്ചി:** അടിസ്ഥാന സൗകര്യ വികസനത്തിൽ വിവേചനമില്ലാത്ത സമീപനം വേണം. കുട്ടികളുടെ എണ്ണം നോക്കിയല്ല, മറിച്ച് പൊതുവിദ്യാലയങ്ങളുടെ ആവശ്യകത പരിഗണിച്ചാണ് വികസന ഫണ്ടുകൾ അനുവദിക്കേണ്ടതെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. പേഴയ്ക്കാപ്പിള്ളി ഗവ ഹയർ സെക്കൻഡറി സ്കൂളിൽ എറണാകുളം ജില്ലാതല സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരൊറ്റ കുട്ടി പഠിക്കുന്ന വിദ്യാലയമാണെങ്കിൽ പോലും അവിടെ എല്ലാ ആധുനിക സൗകര്യങ്ങളും ഉറപ്പാക്കണം. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ഇത്തരം സ്കൂളുകളിലേക്ക് കൂടുതൽ കുട്ടികൾ കടന്നുവരുന്ന സാഹചര്യമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

പുതിയ അധ്യയന വർഷത്തെ വലിയ പ്രതീക്ഷകളോടെയാണ് നോക്കിക്കാണുന്നത്. വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റങ്ങളും പുതിയ ആശയങ്ങൾ നടപ്പിലാക്കേണ്ടതിന്റെയും കാലഘട്ടമാണിത്. ഹയർ സെക്കൻഡറി, ഹൈസ്കൂൾ തലങ്ങളിൽ ജില്ലയിലെ ഭൂരിഭാഗം സ്കൂളുകളിലും മികച്ച രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനൊപ്പം തന്നെ എൽ.പി, യു.പി വിദ്യാലയങ്ങളെയും നവീകരിച്ചെടുക്കേണ്ടതുണ്ട്. സി.എസ്.ആർ ഫണ്ടുകൾ അടക്കം പ്രയോജനപ്പെടുത്തിക്കൊണ്ട് ജില്ലയിലെ പ്രൈമറി വിദ്യാലയങ്ങളുടെ നവീകരണം ഊർജ്ജിതമാക്കും. വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതവും ക്രിയാത്മകവുമായ മുന്നേറ്റങ്ങൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇത്തരം ആശയങ്ങളെ സംയോജിപ്പിച്ചു മുന്നോട്ട് പോകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോകത്ത് പലയിടങ്ങളിലും യുദ്ധവും അരക്ഷിതാവസ്ഥയും കാരണം ലക്ഷക്കണക്കിന് കുഞ്ഞുങ്ങൾക്ക് പഠനാവസരം നിഷേധിക്കപ്പെടുമ്പോൾ, കേരളത്തിലെ കുട്ടികൾക്ക് മികച്ച സൗകര്യങ്ങളാണ് വിദ്യാലയങ്ങളും രക്ഷിതാക്കളും ഒരുക്കി നൽകുന്നത്. ഈ സുവർണ്ണാവസരം കുട്ടികൾ ഏറ്റവും നന്നായി വിനിയോഗിക്കണം. സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പൗരന്മാരായി വളരുവാൻ വിദ്യാർത്ഥികൾക്ക് കഴിയണമെന്നും മന്ത്രി ആശംസിച്ചു.

ചടങ്ങിൽ പ്രവേശനോത്സവ സപ്ലിമെന്റും, ജില്ലാ ശുചിത്വമിഷൻ പുറത്തിറക്കിയ ശുചിത്വ സന്ദേശങ്ങൾ അടങ്ങിയ നെയിംസ്ലിപ്പുകളും മന്ത്രി പ്രകാശനം ചെയ്തു.

എസ് എസ് എൽ സി പരിക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ കുട്ടികളെയും, സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ സ്കോളർഷിപ്പ് പരീക്ഷകളിൽ നാലാം ക്ലാസിലെ മികവിന് നൽകുന്ന ലോവർ സെക്കൻഡറി സ്കോളർഷിപ്പും (LSS), ഏഴാം ക്ലാസിലെ മികവിന് നൽകുന്ന അപ്പർ സെക്കൻഡറി സ്കോളർഷിപ്പും (USS) നേടിയ വിദ്യാർത്ഥികളെയും ആദരിച്ചു. ചടങ്ങിൽ മൂവാറ്റുപുഴ എം.എൽ.എ മാത്യു കുഴൽനാടൻ അധ്യക്ഷനായി . എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം മാത്യൂസ് വർക്കി നവാഗതർക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്തു.

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നെജി ഷാനവാസ്, പായിപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സീനത്ത് അസീസ്, പായിപ്ര ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെപി ജോയി, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജൂബി എ മുഹമ്മദ് ബഷീർ,വാർഡ് മെമ്പർ സ്മിത ദിലീപ്, മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുലേഖ മക്കാർ, എസ്എംസി ചെയർമാൻ കെ എൻ നാസർ, ജില്ലാ വിദ്യഭ്യാസ വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, പ്രിൻസിപ്പാൾ ടി ബി സന്തോഷ്, ഹെഡ്മിസ്ട്രസ് എ സഫീന, പി ടി എ പ്രസിഡന്റ് ഫൈസൽ മുണ്ടാമറ്റം, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, അധ്യാപകർ, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ,രക്ഷിതാക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും അരങ്ങേറി.

# ദേശീയതല പഞ്ചഗുസ്തി മത്സരത്തിൽ ആരോൺ എഡിന് സ്വർണ്ണമെഡൽ

**കാലടി:** ഗുജറാത്തിലെ രാഷ്ട്രീയ രക്ഷ യൂണിവേഴ്സിറ്റിയിൽ നടന്ന നാലാമത് ദേശീയ പഞ്ചഗുസ്തി ചാമ്പ്യൻഷിൽ 60 കിലോ വിഭാഗത്തിൽ (സബ്ജൂനിയർ ) ആരോൺ എഡിൻ സ്വർണ്ണ മെഡൽ നേടി. സുൽത്താൻ ബത്തേരി ടൗൺ ഹാളിൽ നടന്ന 48-ാ മത് കേരള സംസ്ഥാന തല പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ 60 കിലോ ( ലെഫ്റ്റ് & റൈറ്റ് ഹാൻഡ്) വിഭാഗത്തിൽ ഇരട്ട ഗോൾഡ് മെഡൽ നേടിയിരുന്നു. ജില്ലാതലത്തിൽ നടന്ന പഞ്ചഗുസ്തി മത്സരത്തിലും ആരോൺ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. ഐ.സി.എസ്.സി സംസ്ഥാന തല സ്കൂൾമീറ്റിൽ ഷോട്ട്പുട്ടിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. താന്നിപ്പുഴ അനിത വിദ്യാലയത്തിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ് നീലീശ്വരം കാളാം പറമ്പിൽ എഡിൻ - സോമി ദമ്പതികളുടെ മകനാണ് ആരോൺ .അന്ന എഡിൻ സഹോദരിയാണ്.




# കുട്ടികളിൽ ശുചിത്വ അവബോധം വളർത്താൻ 'പാഠം ഒന്ന് ശുചിത്വം 3.0' ക്യാമ്പയിൻ; നെയിം സ്ലിപ്പുകളുടെ പ്രകാശനം മന്ത്രി അനൂപ് ജേക്കബ് നിർവഹിച്ചു

**കൊച്ചി:** ഈ അധ്യയന വർഷം ഒന്നാം ക്ലാസിലേക്ക് പുതുതായി എത്തുന്ന വിദ്യാർത്ഥികളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ ശുചിത്വ മിഷൻ സംഘടിപ്പിക്കുന്ന 'പാഠം ഒന്ന് ശുചിത്വം 3.0' ക്യാമ്പയിന് തുടക്കമായി. ജില്ലാതല പ്രവേശനോത്സവ വേദിയിൽ വെച്ച് ഭക്ഷ്യ-പൊതുവിതരണ, ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി അനൂപ് ജേക്കബ് ക്യാമ്പയിന്റെ നെയിം സ്ലിപ് പ്രകാശനം നിർവഹിച്ചു.

ശുചിത്വ സന്ദേശങ്ങൾ അടങ്ങിയ പ്രത്യേക നെയിം സ്ലിപ്പുകൾ കുട്ടികൾക്ക് നൽകിക്കൊണ്ടാണ് ഈ ജനകീയ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ജില്ലാ ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് (ഡി.ഡി.ഇ) എന്നിവയുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലയിലെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളും ഈ ക്യാമ്പയിന്റെ ഭാഗമാകും.

മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള ബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. പാഠ്യപദ്ധതിയോടൊപ്പം തന്നെ ഇത്തരം സന്ദേശങ്ങൾ കുട്ടികളിലേക്ക് നേരിട്ടെത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ജില്ലാ മിഷൻ ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്.

പരിസ്ഥിതി ദിനത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺമാർ (ആർ.പി), വൈപിമാർ മുഖേന നെയിം സ്ലിപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിക്കും.

തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയായിരിക്കും വിദ്യാലയങ്ങളിലെ കുട്ടികളിലേക്ക് ഇവ പൂർണ്ണമായും വിതരണം ചെയ്യുക.

# ലഹരിവലയിൽ നിന്നും നമ്മുടെ യുവതയെ രക്ഷിക്കാൻ ലഹരിയുടെ തായ് വേരറുക്കണം



അഡ്വ.ചാർളി പോൾ

**മാ**യികമായി പ്രചോദിപ്പിച്ച്, ദുരന്തത്തിലൊടുക്കുന്ന മരണത്തിന്റെ ഏജന്റായ ലഹരിവസ്തുക്കൾക്കെതിരെ പുതിയ അധ്യയന വർഷത്തിൽ 'തൂഫാൻ – ദ നാർക്കോഹ്' എന്ന പേരിൽ കേരള സർക്കാർ ആരംഭിക്കുന്ന ലഹരിവേട്ട സ്വാഗതാർഹമാണ്. വില്പന തടയുക മാത്രമല്ല , വിപണനത്തിനെത്തുന്ന ലഹരിയുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുക കൂടിയാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല വ്യക്തമാക്കിയിട്ടുണ്ട് .മയക്കുമരുന്ന് ഉപയോഗിക്കുന്നവർ, വിൽക്കുന്നവർ, പ്രചരിപ്പിക്കുന്നവർ എന്നിവരെയെല്ലാം പോലീസിന്റെ കർശന നിരീക്ഷണത്തിലാക്കിയും കര, കടൽ, ആകാശ മാർഗ്ഗങ്ങളിലൂടെ വന്നെത്തുന്ന എല്ലാ ലഹരിവസ്തുക്കളെയും കണ്ടെത്തിയും നടപടി സ്വീകരിച്ചും ലഹരി വേട്ട ഊർജ്ജിതമാക്കേണ്ടതുണ്ട്. ആഡംബര ഹോട്ടലുകൾ, ഡി.ജെ പാർട്ടികൾ എന്നിവിടങ്ങളിൽ നടക്കുന്ന ലഹരി ഉപയോഗത്തിനെതിരെ കർശന നടപടികൾ ഉണ്ടാകണം.

## മരണ വ്യാപാരികൾ :

സ്കൂൾ വിദ്യാർത്ഥികൾ, കൗമാരക്കാർ, യുവാക്കൾ എന്നിവരെയെല്ലാം മയക്കുമരുന്നിന്റെ കെണിയിൽ കുടുക്കി കൊല്ലുന്നവർ യഥാർത്ഥത്തിൽ മനുഷ്യ ജീവനെ മാനിക്കാത്ത, പൈശാചിക സംസ്കാരമുള്ള മരണ വ്യാപാരികളാണ്. 'കൊലപാതകി ഒരാളെയാണ് കൊല്ലുന്നതെങ്കിൽ ലഹരി കച്ചവടക്കാർ ഒരായിരം പേരെയാണ് കൊല്ലുന്നത് 'എന്ന സുപ്രീംകോടതിയിലെ വിധി വാചകം ശ്രദ്ധേയമാണ് .

ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ ഭീഷണി രാസലഹരികളുടെ ഉപഭോഗവും വ്യാപനവുമാണ്. നഗരങ്ങൾ മുതൽ ഗ്രാമങ്ങൾ വരെ ലഹരി മരുന്നിന് അടിമപ്പെട്ടവരെയും ഇവർക്ക് വിൽപ്പന നടത്തുന്നവരെയും കൊണ്ട് നിറഞ്ഞു കവിഞ്ഞു. നമ്മുടെ സ്കൂൾ – കോളേജ് പരിസരങ്ങൾ ലഹരിക്കച്ചവടക്കാരുടെ വിഹാര കേന്ദ്രങ്ങളാണ്. ബസ് സ്റ്റോപ്പുകൾ, ബസ്സ്റ്റാൻഡുകൾ, ബീച്ച്, നഗരവീഥികൾ, സ്റ്റേഡിയങ്ങൾ, റെയിൽവേ പരിസരങ്ങൾ, ഒഴിഞ്ഞ പ്രദേശങ്ങൾ എന്നിങ്ങനെ ഏത് സ്ഥലവും ഇവരുടെ താവളമാണ്. ആവശ്യക്കാർ എവിടെയും ഇവരെ തേടിയെത്തും. കൗമാരമാണ് ലഹരിയുടെ പ്രധാന ഉന്നം. രാസലഹരിയുടെ വ്യാപനം വല്ലാത്ത ഭീതിതമായ അന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. ആൾത്തിരക്കിനിടയിൽ മറഞ്ഞിരുന്ന് മരണത്തിന്റെ വ്യാപാരികൾ എവിടെയും വന്നെത്തുന്നു. രാസലഹരിയുടെ വകഭേദങ്ങൾ കേരളത്തിൽ എവിടെയും അവർ സുലഭമാക്കുന്നു.

## ഭീതി ജനിപ്പിക്കുന്ന കണക്കുകൾ:

ഡ്രഗ്സ് ആന്റ് ക്രൈം സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ ഓഫീസ് വർഷം തോറും പ്രസിദ്ധീകരിക്കുന്ന വേൾഡ് ഡ്രഗ് റിപ്പോർട്ട് പ്രകാരം 36.3 ദശ ലക്ഷത്തിലധികം പേർ മയക്കുമരുന്ന് ഉപയോഗവൈകല്യങ്ങൾ അനുഭവിക്കുന്നു. ഏകദേശം 200 ദശലക്ഷം പേർ നിരോധിത മയക്കുമരുന്നുകൾ ഉപയോഗിക്കുന്നു. ഓരോ വർഷവും ഏകദേശം രണ്ട് ലക്ഷം പേർ ലഹരിയുടെ അനധികൃത കടത്തു കൈകാര്യം ചെയ്യുന്നുണ്ട്. 275 ലക്ഷത്തിലേറെ പേർ മയക്കുമരുന്നിന് അടിമപ്പെട്ടു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

ഇന്ത്യയിൽ പഞ്ചാബ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലഹരി ഉപയോഗം കേരളത്തിലാണ്. 2025 ഓഗസ്റ്റ് വരെ കേരള എക്സൈസ് രജിസ്റ്റർ ചെയ്ത എൻഡിപിഎസ് കേസുകൾ 8,622 ആണ്.

2024 ൽ രജിസ്റ്റർ ചെയ്തത് 8,160 കേസുകളായിരുന്നു. 2025ൽ പോലീസ് – എക്സൈസ് സംയുക്ത പരിശോധനകളിൽ 18, 427ലഹരി കേസുകൾ രജിസ്റ്റർ ചെയ്തു. 19,168 പേരെ അറസ്റ്റു ചെയ്തു. കേരളത്തിലെ 1,057 സ്കൂളുകൾ ലഹരി മാഫിയ നോട്ടമിട്ടിരിക്കുന്ന പ്രശ്നബാധിത സ്കൂളുകൾ ആണെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട്. 2023 മുതൽ ലഹരി പദാർത്ഥ ഉപയോഗത്തിൽ 360 ശതമാനം വർദ്ധനവ് ആയിരുന്നെങ്കിൽ ഇന്നത് പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട് .

അനുദിനം വിശാലമാവുകയാണ് ലഹരിയുടെ ലോകം. കേരളം ലഹരി മാഫിയയുടെ കരാള ഹസ്തങ്ങളിൽ ഞെരിഞ്ഞമരുകയാണ്.




## എലിക്കെണി പോലെയാണ് രാസലഹരികൾ :

സർവ്വനാശത്തിലേക്കാണ് ലഹരികൾ വഴി തുറക്കുന്നത്. ഒറ്റ തവണ ഉപയോഗിച്ചാൽ മതി. തീർന്നു ജീവിതം. എലികെണി പോലെയാണിത്. 'പെട്ടാൽ പെട്ടു 'പിന്നെ രക്ഷയില്ല. ജിജ്ഞാസ കൊണ്ട് ഉപയോഗിച്ചു നോക്കാൻ പറ്റിയ ഒന്നല്ല രാസ ലഹരികൾ. തലച്ചോറിലാണ് രാസ ലഹരികൾ നാശം വിതയ്ക്കുക. നമ്മുടെ ചിന്തയിലും കാഴ്ചപ്പാടിലും ഇന്ദ്രിയാനുഭൂതികളിലും വികാരത്തിലും സ്വഭാവത്തിലും അവ മാറ്റം വരുത്തുന്നു. തലച്ചോറിലെ നാശം ചികിത്സിച്ചു സുഖപ്പെടുത്തുക അത്ര എളുപ്പമല്ല.

## അടിമപ്പെടാൻ സാധ്യതയുള്ളവർ :

ഏതു വ്യക്തിയും രാസലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളവരാണ്. എന്നാൽ ബുദ്ധിപരമായി പിന്നോക്കം നിൽക്കുന്നവർ ,മാനസികരോഗങ്ങൾ ഉള്ളവർ, കുടുംബത്തിൽ മദ്യപാന രോഗമുള്ളവർ , പഠന വൈകല്യമുള്ളവർ ,കുട്ടിക്കാല കൗമാര പ്രശ്നമുള്ളവർ, തകർന്ന കുടുംബങ്ങളിൽ നിന്ന് വരുന്നവർ, താളപ്പിഴയുള്ള മാതാപിതാക്കളുടെ മക്കൾ എന്നിവർ ലഹരിക്ക് അടിമപ്പെടാനുള്ള സാധ്യത വളരെ കൂടുതലുള്ളവരാണ്.

## എങ്ങനെ പ്രതിരോധിക്കാം:

ലഹരിയുടെ വലകൾ നാം ഇതുവരെ ചിന്തിക്കാൻ പോലും ആവാത്ത വിധം സങ്കീർണവും ഭയാനകവുമാണ്. എങ്ങനെ മുറിച്ചുമാറ്റിയാലും ഭയാനകമായ കരുത്തോടെ വീണ്ടും ആഴത്തിലും വ്യാപ്തിയിലും വേരു പടർത്തുന്ന ലഹരി സംഘങ്ങൾ കേരളത്തിന്റെ മുന്നിലുള്ള ഏറ്റവും അപകടകരമായ പ്രശ്നങ്ങളിൽ ഒന്നാണ്. അതുകൊണ്ട് സർക്കാരും സർക്കാർ സംവിധാനങ്ങളും ലഹരിയെ പ്രതിരോധിക്കാൻ ശക്തമായ നിലപാടുകൾ സ്വീകരിക്കണം. അതോടൊപ്പം രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമൂഹ്യ സാംസ്കാരിക മതസംഘടനകളും യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളും ലഹരി വിരുദ്ധ പോരാട്ടം മുഖ്യ അജയാക്കണം.

നിലവിൽ സർക്കാരും വിവിധ ഏജൻസികളും നടത്തുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

കോളേജുകളിൽ ലഹരി ഉപയോഗം തടയാൻ 'ടുബാക്കോ മോണിറ്റേഴ്സ്' എന്ന പേരിൽ വിദ്യാർഥികളും അധ്യാപകരും അടങ്ങിയ സംഘം ഉാകണം എന്ന് യുജിസി നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും കോളേജുകളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ലഹരിക്കടിമകളായ വിദ്യാർഥികൾക്ക് കൗൺസിലിങ് നൽകുക, സ്ഥാപനത്തിന് അകത്തോ 100 മീറ്റർ ചുറ്റളവിലോ ലഹരി വസ്തുക്കൾ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക, എന്നിവ യുജിസിയുടെ നിർദ്ദേശങ്ങളിൽ പെടുന്നു. നിയമലംഘനം കണ്ടെത്തിയാൽ സ്ഥാപനമേധാവിയെയോ 1800-11-2356 എന്ന ദേശീയ ഹെൽപ്പ് ലൈൻ നമ്പറിലോ അറിയിക്കണമെന്നാണ് നിർദ്ദേശം. കലാലയങ്ങളെ ലഹരി മുക്തമാക്കുവാൻ സർക്കാർ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി ഇടപെടണം.

ലഹരിയുടെ തായ് വേരറുക്കാൻ പ്രത്യേക ദൗത്യസേനയെ നിയോഗിക്കണം. ലഹരി വേട്ടകൾ സർവ്വസജ്ജമായി തുടരണം. അവ ചെറു മീനുകളിലൊതുങ്ങരുത്. ലഹരിയുടെ ഉറവിടങ്ങളും വിപണനത്തിലെ കണ്ണികളും തമ്മിലുള്ള ബന്ധം അറുത്തു മാറ്റണം. ലഹരി വ്യാപനത്തിന് പിന്നിലെ അദൃശ്യ ശക്തികളെ പുറത്തു കൊണ്ടുവരണം. യുവതലമുറ പാഴ്ജന്മങ്ങളായി മാറാതിരിക്കാൻ എക്സൈസ്,പോലീസ് സംവിധാനങ്ങൾ വിട്ടുവീഴ്ചയില്ലാത്ത നിലപാടു സ്വീകരിച്ച്, മയക്കുമരുന്നു വിപണിയുടെ എല്ലാ തലങ്ങളിലും എത്തി അവയെ മുച്ചൂടും തകർക്കണം.

മയക്കുമരുന്ന് വിരുദ്ധ ബ്രിഗേഡ് കലാലയങ്ങളിൽ രൂപീകരിക്കണം. ലഹരി ഉപയോഗിക്കുന്നവരെയും വിൽപ്പനക്കാരേയും നിരീക്ഷിച്ചു റിപ്പോട്ട് ചെയ്യാൻ എക്സൈസിനും പോലീസിനും ഇടയിലുള്ള കണ്ണിയായി ബ്രിഗേഡിനെ പ്രയോജനപ്പെടുത്തണം. ഒപ്പം ലഹരിക്ക് അടിമയായവരെ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങളും ഉണ്ടാകണം. കുട്ടികൾ ലഹരിയുടെ വഴികൾ തേടാതിരിക്കാൻ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

## മയക്കുമരുന്നു വിരുദ്ധ നയം വേണം

സർവകലാശാലകൾക്ക് മാത്രമല്ല സംസ്ഥാനത്തിനും ഒരു മയക്കുമരുന്ന് വിരുദ്ധനയം വേണം. കൃത്യമായി ചട്ടക്കൂടും ഏകോപനവും വേണം. ഇപ്പോൾ മദ്യവർജ്ജനവും മയക്കുമരുന്നു തടയിലുമെല്ലാം കൂട്ടി കലർന്നതാണ് സംസ്ഥാനത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ. മദ്യത്തെയും മയക്കുമരുന്നിനേയും വേർതിരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആവശ്യം. വിദ്യാലയങ്ങളെയും കലാലയങ്ങളെയും ഉൾപ്പെടുത്തി വിശാലമായ മയക്കുമരുന്നു വിരുദ്ധ നയത്തിന് സർക്കാർ രൂപം നൽകണം. ലഹരി അസക്തരായവരെ ചികിത്സിക്കാൻ ഡി അഡിക്ഷൻ കേന്ദ്രങ്ങളും പുനരധിവാസ സ്ഥാപനങ്ങളും വേണം.

മയക്കുമരുന്നുകൾ നിരോധിക്കപ്പെട്ടവയാണ്. അവ വിൽക്കുന്ന ലഹരി മാഫിയയെ എന്തുവിലകൊടുത്തും ചെറുക്കണം. അതിനായി ഡിജിറ്റൽ നിരീക്ഷണ ഉപകരണങ്ങൾ, വിപുലമായ ഇന്റലിജൻസ് ശൃംഖലകൾ, സൈബർ മോണിറ്ററിംഗ് സമ്പ്രദായങ്ങൾ എന്നിവ ഏർപ്പെടുത്തണം. പൊലീസ് – എക്സൈസ്- ആരോഗ്യ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കണം. ലഹരി മാഫിയായയുടെ തായ് വേര് അറുത്താൽ മാത്രമേ കേരളവും യുവതലമുറയും രക്ഷപ്പെടു. ഇനിയാരും ലഹരിയുടെ വഴി തേടാതിരിക്കാനുള്ള നിതാന്ത പരാശ്രമങ്ങൾ എല്ലാവരുടെയും ഭാഗത്ത് നിന്ന് ഉണ്ടാകട്ടെ. നമുക്ക് ഒറ്റക്കെട്ടായി ലഹരിയെ പ്രതിരോധിക്കാം.

(മികച്ച ലഹരി വിരുദ്ധ പ്രവർത്തകനുള്ള കേരള സർക്കാർ പുരസ്കാരം നേടിയിട്ടുള്ള ലേഖകൻ അഭിഭാഷകനും ട്രെയ്നറും മെന്ററുമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളിൽ പരിശീലകനുമാണ്. 8075789768)



# ആനന്ദ് രഥി പ്രിഫേർഡ് കോഴിക്കോട് ശാഖ തുറന്നു

**കോഴിക്കോട് :** പ്രമുഖ ധനകാര്യ സ്ഥാപനമായ ആനന്ദ് രഥി പ്രിഫേർഡ് കോഴിക്കോട് പുതിയ ശാഖ ആരംഭിച്ചു. ആനന്ദ് രഥി ഷെയർ & സ്റ്റോക്ക് ബ്രോക്കേഴ്സ് ലിമിറ്റഡിന്റെ രാജ്യത്തെ100-ാമത്തെ ശാഖയാണ് കോഴിക്കോട് തുറന്നത്. സമഗ്ര സാമ്പത്തിക സേവനങ്ങൾ ഒരൊറ്റ കുടക്കീഴിൽ ലഭ്യമാക്കുന്ന സ്ഥാപനം കേരളത്തിലെ നിക്ഷേപകരെയും എൻആർഐ സമൂഹത്തെയും ലക്ഷ്യമിട്ടാണ് മലബാറിന്റെ ഹൃദയഭാഗത്തേക്ക് എത്തുന്നതെന്ന് കമ്പനി അറിയിച്ചു. ആനന്ദ് രഥി ഗ്രൂപ്പ് വൈസ് ചെയർമാനും സഹസ്ഥാപകനുമായ പ്രദീപ് ഗുപ്ത, ആനന്ദ് രഥി ഷെയർ & സ്റ്റോക്ക് ബ്രോക്കേഴ്സ് ലിമിറ്റഡ് ഹോൾ ടൈം ഡയറക്ടർ രൂപ് ഭൂത്ര, ഡയറക്ടർ & ഹെഡ് പ്രിഫേർഡ് തോമസ് സ്റ്റീഫൻ എന്നിവർ ചേർന്ന് ശാഖ ഉദ്ഘാടനം നിർവഹിച്ചു. പുതിയ ശാഖയിലൂടെ ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകൾ, മാർക്കറ്റ് ലിങ്ക്ഡ് ഡിബെഞ്ചറുകൾ, ബോണ്ടുകൾ, പോർട്ട്ഫോളിയോ മാനേജ്മെന്റ്, ആസ്തി പുനഃസംഘടന, വിൽസ് & എസ്റ്റേറ്റ് പ്ലാനിംഗ് ഉൾപ്പെടെയുള്ള പ്രീമിയം സാമ്പത്തിക സേവനങ്ങൾ ലഭ്യമാകും.



ഉയർന്ന വരുമാനമുള്ള വ്യക്തികൾക്കും അൾട്രാ ഹൈ നെറ്റ്‌വർത്ത് നിക്ഷേപകർക്കും എൻആർഐ സമൂഹത്തിനുമായി വ്യക്തിഗത ആവശ്യങ്ങൾ പരിഗണിച്ചുള്ള സേവനങ്ങളാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്. കേരളം അതുല്യമായ സാമ്പത്തിക സാധ്യതകളുള്ള നാടാണെന്നും വർഷങ്ങളായുള്ള പ്രവാസി സമ്പാദ്യവും സംരംഭകത്വവും ചേർന്നുണ്ടാക്കിയ സമ്പത്ത് ഇന്ന് കൂടുതൽ പ്രൊഫഷണൽ സാമ്പത്തിക മാർഗനിർദേശങ്ങൾ തേടുന്ന ഘട്ടത്തിലാണുള്ളതെന്നും പ്രദീപ് ഗുപ്ത പറഞ്ഞു. കോഴിക്കോട് ശാഖ ആരംഭിക്കുന്നത് മലബാറിലെ ജനങ്ങളോടുള്ള ദീർഘകാല പ്രതിബദ്ധത കൂടിയാണ് വ്യക്തമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# വാർഷിക അവധിക്കാലമല്ല, ജെൻ സിക്ക് താത്പര്യം ഹ്രസ്വ യാത്രകളെന്ന് എയർ ബിഎൻബി റിപ്പോർട്ട്

**കൊച്ചി:** പണം സ്വരൂപിച്ച് മാസങ്ങൾക്ക് മുമ്പ് ആസൂത്രണം ചെയ്ത് കൃത്യമായ പരിപാടികളോടെ നടത്തുന്ന യാത്രകളിൽ പുതു തലമുറക്ക് താത്പര്യമില്ലെന്ന് എയർ ബിഎൻബിയുടെ 'നെവർ ദി സെയിം: ദി ന്യൂ റൂൾസ് ഓഫ് ജെൻ സി ട്രാവൽ ഇൻ ഇന്ത്യ' റിപ്പോർട്ട്. വാർഷിക അവധിക്കാലത്തേക്കാൾ ഇടയ്ക്കിടെയുള്ള ഹ്രസ്വ യാത്രകളാണ് ഇന്നത്തെ തലമുറയ്ക്ക് പ്രിയം. യാത്രകൾ വ്യക്തിപരവും സവിശേഷവുമാകണമെന്ന് ആഗ്രഹിക്കുന്ന ഇവർ, ലക്ഷ്യസ്ഥാനത്തേക്കാൾ കൂടെയുള്ളവർക്കും താമസിക്കുന്ന വീട് പങ്കിടുന്നതിനും കൂടുതൽ പ്രാധാന്യം നൽകുന്നു. ആസൂത്രണം ചെയ്ത യാത്രകളേക്കാൾ അനുഭവങ്ങൾക്ക് മുൻഗണന നൽകുന്നവരാണ് ഭൂരിഭാഗം പേരും.

## ഇനി ട്രെൻഡ് ചെറിയ യാത്രകൾ

നീണ്ട വാർഷിക അവധിക്കാലത്തിന് പകരം ചെറിയ യാത്രകൾ ഇടയ്ക്കിടെ നടത്താനാണ് പുതിയ തലമുറയ്ക്ക് പ്രിയം. റിപ്പോർട്ട് പ്രകാരം, പത്തിൽ ഏഴ് പേരും ഇഷ്ടപ്പെടുന്നത് ഹ്രസ്വയാത്രകളാണ്. യാതൊരു മുൻകൂർ ആസൂത്രണമില്ലാതെ, പെട്ടെന്നുള്ള തീരുമാനങ്ങളിൽ വിശ്വസിക്കുന്നവരാണ് ഇവർ.

യാത്ര കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ തന്നെ അടുത്ത യാത്ര ബുക്ക് ചെയ്യുന്നവരാണ് ഭൂരിഭാഗവും.

## കാഴ്ചകളേക്കാൾ വലുത് 'താമസസ്ഥലം'

യാത്രയുടെ പകുതി സമയവും ചെലവഴിക്കാൻ ഇവർ ആഗ്രഹിക്കുന്നത് താമസിക്കുന്ന വീട്ടിലാണ്. 63 ശതമാനം പേരും ഒരു സ്ഥലം തിരഞ്ഞെടുക്കുന്നത് തന്നെ അവിടെയുള്ള മികച്ച താമസസൗകര്യം നോക്കിയാണ്.

ഹോട്ടലുകൾ നൽകുന്ന മുറികളേക്കാൾ, എല്ലാവർക്കും ഒന്നിച്ച് കൂടിയിരിക്കാൻ കഴിയുന്ന സ്വീകരണമുറിയും, പാചകം ചെയ്യാനുള്ള സൗകര്യവും, ഇരിക്കാൻ ടെറസ്സും ഉള്ള വീടുകളാണ് ഇവരുടെ ഇഷ്ടം.

## ഒപ്പമുള്ളവരാണ് വലുത്

'എവിടെ പോകുന്നു എന്നതിനേക്കാൾ പ്രധാനം ആരോടൊപ്പം പോകുന്നു എന്നതാണ്.' യാത്ര ആസൂത്രണം ചെയ്യുമ്പോൾ ആദ്യം സുഹൃത്തുക്കൾ, പിന്നെ ലക്ഷ്യസ്ഥാനം, ഒടുവിൽ മാത്രം യാത്രയെന്നും റിപ്പോർട്ട് പറയുന്നു.

ഹോട്ടലുകളിലെ വെവ്വേറെ മുറികളേക്കാൾ ഗ്രൂപ്പായി ഒന്നിച്ച് താമസിക്കാവുന്ന വീടുകൾ പങ്കിടാനാണ് പകുതിയിലധികം പേരും ഇഷ്ടപ്പെടുന്നതെന്നും റിപ്പോർട്ട് പറയുന്നു.

# ഹെക്സഗൺ ന്യൂട്രീഷൻ ലിമിറ്റഡ് ഐപിഒ ജൂൺ 05 മുതൽ

**കൊച്ചി:** മുൻനിര ഇന്ത്യൻ, ബഹുരാഷ്ട്ര എഫ്എംസിജി കമ്പനികൾക്ക് വിറ്റാമിൻ, മിനറൽ പ്രീമിക്സുകൾ വിതരണം ചെയ്യുന്ന, ഗവേഷണാധിഷ്ഠിതമായി പ്രവർത്തിക്കുന്ന ന്യൂട്രീഷൻ കമ്പനിയായ ഹെക്സഗൺ ന്യൂട്രീഷൻ ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐപിഒ) 2026 ജൂൺ 5 മുതൽ 9 വരെ നടക്കും.

നിലവിലുള്ള ഓഹരിയുടമകളുടെ 138.87 കോടി മൂല്യംവരുന്ന 30,859,704 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 42 മുതൽ 45 രൂപ വരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 333 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 333 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ക്യുമുലേറ്റീവ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, കാറ്റലിസ്റ്റ് ക്യാപിറ്റൽ പാർട്ണേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കെ.വി.വി.ഇ.എസ് പച്ചാളം യൂണിറ്റ്; പി.സി.ജേക്കബ് പ്രസിഡന്റ്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ 45-ാം വാർഷിക പൊതുയോഗം ജില്ലാ വൈസ് പ്രസിഡന്റ് എം.സി.പോൾസൺ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി കെ.ടി.ജോയി, നിയോജക മണ്ഡലം പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ്, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, യൂണിറ്റ് പ്രസിഡന്റ് പി.സി. ജേക്കബ്, ജനറൽ സെക്രട്ടറി സി.വി.രാജു, ട്രഷറർ ടിജോ തോമസ്, വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, വൈസ് പ്രസിഡന്റ് കെ.ആർ.മോഹനൻ, വനിതാ വിംഗ് ജനറൽ സെക്രട്ടറി പ്രീമ ബാബു എന്നിവർ പ്രസംഗിച്ചു. പി.സി.ജേക്കബ് (പ്രസിഡന്റ്), സി.വി. രാജു (ജനറൽ സെക്രട്ടറി), ടിജോ തോമസ് (ട്രഷറർ) എന്നിവരെ 2026-2028 വർഷത്തെ ഭാരവാഹികളായും യോഗം തിരഞ്ഞെടുത്തു.



*കെ.വി.വി.ഇ.എസ് പച്ചാളം യൂണിറ്റ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട പി.സി.ജേക്കബ് (പ്രസിഡന്റ്), സി.വി.രാജു (ജനറൽ സെക്രട്ടറി), ടിജോ തോമസ് (ട്രഷറർ) എന്നിവർ.*

# ജെഇഇ അഡ്വാൻസ്ഡ്: മികച്ച വിജയവുമായി സൈലം

**കോഴിക്കോട്:** ജെഇഇ മെയിൻ 2026ന് പിന്നാലെ ജെഇഇ അഡ്വാൻസ്ഡ് റിസൾട്ടിലും വിജയം ആവർത്തിച്ച് എഡ്-ടെക് പ്ലാറ്റ്ഫോമായ സൈലം ലേർണിംഗ്. സൈലം ഇന്റഗ്രേറ്റഡ് സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിയായ ദേവ് നായർ കേരള റാങ്ക് 3 കരസ്ഥമാക്കി. 628 ആണ് ദേവിന്റെ ഓൾ ഇന്ത്യാ റാങ്ക്. മഷൽ നസീർ (AIR 2104), മുഹമ്മദ് ഇഹ്സാൻ (AIR 2171), ഗ്ലെൻ ജോസഫ്(AIR 2355), റിശ്വന്ത് ദേവ് (AIR 3775), നിവേദ് വി മനോജ് (AIR 7437), ആഷിൻ കെ (AIR 7775), അക്ഷയ് എഎസ് (AIR 8866), നിഹാൽ നൈഫ് സികെ (AIR 9840), മുഹമ്മദ് ജിഷാൻ പി (AIR 9960) എന്നിവരും തിളക്കമാർന്ന വിജയം സ്വന്തമാക്കി. ഇവരുൾപ്പെടെ സൈലത്തിൽ നിന്നും 30ലേറെ വിദ്യാർത്ഥികളാണ് ഇത്തവണ ജെഇഇ അഡ്വാൻസ്ഡ് 2026ൽ മികച്ച വിജയത്തോടെ രാജ്യത്തെ വിവിധ ഐഐടികളിൽ പ്രവേശനം ഉറപ്പിച്ചിട്ടുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആമസോൺ എക്കോ ഡോട്ട് മാക്സ്, എക്കോ സ്റ്റുഡിയോ സ്മാർട്ട് സ്പീക്കറുകൾ അവതരിപ്പിച്ചു



**കൊച്ചി:** ആമസോൺ പ്രീമിയം ഓഡിയോ അനുഭവം നൽകുന്ന പുതിയ എക്കോ ഡോട്ട് മാക്സ്, എക്കോ സ്റ്റുഡിയോ സ്മാർട്ട് സ്പീക്കറുകൾ അവതരിപ്പിച്ചു. എക്കോ ഡോട്ട് മാക്സ് മുൻ തലമുറ മോഡലിനെ അപേക്ഷിച്ച് മൂന്ന് ഇരട്ടി ബാസ് നൽകുന്നതോടൊപ്പം എക്കോ ഡോട്ട് ശ്രേണിയിലെ ആദ്യത്തെ ടു-വേ സ്പീക്കർ സിസ്റ്റവും ഉൾക്കൊള്ളുന്നു. അതേ സമയം എക്കോ സ്റ്റുഡിയോ ഡോൾബി അറ്റ്മോസ് പിന്തുണയോടെയുള്ള ഇമ്മേഴ്സീവ് സ്പേഷ്യൽ ഓഡിയോ അനുഭവം നൽകുന്നു. ഇരുണ്ട ഉപകരണങ്ങളും ആമസോണിന്റെ എസ്ഡ്3 കസ്റ്റം സിലിക്കൺ ചിപ്പുകളാൽ പ്രവർത്തിക്കുന്നതും ഒമ്നിസെൻസ് സാങ്കേതികവിദ്യയിലൂടെ സ്മാർട്ട് ഹോം ഓട്ടോമേഷൻ കൂടുതൽ മെച്ചപ്പെടുത്തുന്നതുമാണ്. എക്കോ ഡോട്ട് മാക്സിന് 10,999യും എക്കോ സ്റ്റുഡിയോയ്ക്ക് 23,999യുമാണ് വില. ഉൽപ്പന്നങ്ങൾ ആമസോണിലും ഫ്ളിപ്കാർട്ടിലും ലഭ്യമാണ്.

# ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പ് ; തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചു

**കൊച്ചി:** 2025 –26 വർഷത്തെ ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചു. കേരളം, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, തെലങ്കാന, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാരുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. ഈ വർഷം 500 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരായി. എംബിബിഎസ്, ബി ഇ/ ബിടെക്/ ബി ആർക്ക്, ബിഎസ് സി നഴ്സിങ്, ബിഎസ് സി അഗ്രികൾച്ചർ, ബി ഡി എസ്, ബി വി എസ് സി, എംബിഎ/ പി ജി ഡി എം എന്നീ കോഴ്സുകളിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കിയിരിക്കുന്നത്.

ബാങ്കിന്റെ സി എസ് ആർ പദ്ധതിയായി 2005 ൽ ആരംഭിച്ച സ്കോളർഷിപ്പിന് 2023 – 24 വരെ 2460 വിദ്യാർത്ഥികൾ അർഹരായിട്ടുണ്ട്. 2025 – 26 സാമ്പത്തിക വർഷം ആറു സംസ്ഥാനങ്ങളിൽ നിന്നായി 3610 അപേക്ഷകൾ ലഭിച്ചിരുന്നു. പിന്നാക്ക സാമൂഹിക പശ്ചാത്തലങ്ങളിൽ നിന്നുള്ള മിടുക്കരായ വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുകയും പ്രൊഫഷനൽ പഠനം പൂർത്തിയാക്കാൻ പ്രാപ്തരാക്കുകയും ചെയ്യുകയാണ് സ്കോളർഷിപ്പ് പദ്ധതിയുടെ ലക്ഷ്യം. ബാങ്കിന്റെ സ്ഥാപകൻ കെ പി ഹോർമിസിന്റെ സ്മരണാർത്ഥം 1996ൽ ആരംഭിച്ച ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനൊപ്പം സെമിനാറുകൾ സംഘടിപ്പിക്കുകയും അടിസ്ഥാനസൗകര്യ വികസനത്തിനും പാരിസ്ഥിതിക- സാമൂഹിക- ഭരണ സംബന്ധമായ നൂതനാശയങ്ങൾ നടപ്പിൽ വരുത്തുന്നതിനും സാമ്പത്തികപിന്തുണ നൽകുകയും ചെയ്യുന്നു.

# സൻസ്കാര സ്കൂളിൽ പുതിയ അധ്യയന വർഷത്തിന് തുടക്കം




**കൊച്ചി:** മുത്തൂറ്റ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലുള്ള സൻസ്കാര സ്കൂളിൽ പുതിയ അധ്യയന വർഷത്തിന് ആവേശകരമായ തുടക്കം. സ്കൂൾ തുറന്ന ആദ്യദിനത്തിൽ എത്തിയ വിദ്യാർത്ഥികളെ ചെണ്ടമേളത്തിന്റെ അകമ്പടിയോടെയാണ് അധ്യാപകർ സ്വീകരിച്ചത്. പുതുതായി ചേർന്ന വിദ്യാർത്ഥികളെയും ആദ്യമായി സ്കൂളിലെത്തിയ കുട്ടികളെയും പ്രത്യേകം തയ്യാറാക്കിയ പരിപാടികളോടെയാണ് അധ്യാപകർ ചേർന്ന് സ്വാഗതം ചെയ്തത്.

വിദ്യാർത്ഥികളുടെ അക്കാദമിക് മികവിനൊപ്പം സർഗ്ഗാത്മകത, കായികം, സംരംഭകത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയ്ക്കും മുൻഗണന നൽകുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനരീതിയാണ് സൻസ്കാര സ്കൂൾ മുന്നോട്ടുവെക്കുന്നതെന്നും കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷവും നിരന്തരമായ പ്രചോദനവും നൽകാൻ സ്കൂൾ അധികൃതർ പ്രതിജ്ഞാബദ്ധരാണെന്നും മാനേജ്മെന്റ് അറിയിച്ചു.

# ട്രാവൽപോർട്ടും കോഗ്നിസെന്റും സഹകരിക്കുന്നു

**കൊച്ചി:**എഐ യുഗത്തിനായി ട്രാവൽ ടെക്നോളജിയെ കൂടുതൽ കാര്യക്ഷമമാക്കാൻ ട്രാവൽപോർട്ട്, കോഗ്നിസെന്റ്, ആന്ത്രോപിക് എന്നിവർ കൈകോർത്തു. ട്രാവൽപോർട്ടിന്റെ ട്രാവൽ റീട്ടെയിലിംഗ്, ഡിസ്ട്രിബ്യൂഷൻ പ്ലാറ്റ്ഫോമുകളിൽ സോഫ്റ്റ്‌വെയർ നിർമ്മാണം, പരിശോധന, പരിപാലനം എന്നിവ ആധുനികമാക്കുന്നതിനാണ് ഈ തന്ത്രപരമായ സഹകരണം. ആന്ത്രോപിക്കിന്റെ ക്ലോഡ് എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് യാത്രാ ബുക്കിംഗ് സംവിധാനങ്ങളെ കൂടുതൽ ബുദ്ധിപരവും വേഗമേറിയതുമായ സംവിധാനങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം. യാത്രാ ഏജൻസികൾക്കും ട്രാവൽ മാനേജ്മെന്റ് കമ്പനികൾക്കും ടിക്കറ്റ് മാറ്റം, റീബുക്കിംഗ്, യാത്രാ തടസ്സങ്ങൾ മുൻകൂട്ടി കണ്ടെത്തൽ തുടങ്ങിയ സേവനങ്ങൾ കൂടുതൽ എളുപ്പമാക്കാനും ഉൽപ്പാദനക്ഷമത വർധിപ്പിക്കാനുമാണ് പുതിയ എഐ ഇക്കോസിസ്റ്റം സഹായിക്കുക.


